**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1901** **04-02-2026 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള ഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനയ്ക്കുള്ള ഫീസ് കുറച്ച് ഉത്തരവിറക്കിയിട്ടും മോട്ടോർ വാഹന വകുപ്പ് ഉയർന്ന ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17/01/2026 ലെ 204-ാം നമ്പർ അസാധാരണ ഗസറ്റിലൂടെ പ്രസിദ്ധീകരിച്ച 17/01/2026 ലെ G.O.(P) No 2/2026/Trans (SRO No 63/2026) വിജ്ഞാപന പ്രകാരം വാഹനങ്ങളുടെ ഫിറ്റ്നസ് ടെസ്റ്റിന് കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് NIC സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ടെസ്റ്റ് ചെയ്യുകയും തുടർന്ന് 22.01.2026-ൽ പുതുക്കിയ നിരക്ക് വരുത്തിയ Module നടപ്പിലാക്കുകയും ചെയ്തു. ആയതിനാൽ 17.01.2026 മുതൽ 22.01.2026 വരെ ഉള്ള കാലയളവിൽ മാത്രമാണ് കൂടിയ നിരക്കിലുള്ള ഫീസ് ഈടാക്കിയിരുന്നത്. നിലവിൽ 17.01.2026-ലെ G.O.(P) No. 02/26/TRANS നമ്പർ വിജ്ഞാപനപ്രകാരമുള്ള ഫീസാണ് ഈടാക്കി വരുന്നത്. |
| (ബി) | ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം സാധാരണക്കാരായ ഓട്ടോ-ടാക്സി ഉടമകളും തൊഴിലാളികളും പ്രതിസന്ധിയിലാകുന്നത് തടയാൻ കുറഞ്ഞ ഫീസ് ഈടാക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ; ഫീസ് നിരക്ക് കുറച്ചശേഷം ഉയർന്ന നിരക്ക് നൽകേണ്ടി വന്നവർക്ക് ആയത് റീഫണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | 17.01.2026 ലെ G.O(P) No.02/26/TRANS നമ്പർ വിജ്ഞാപനപ്രകാരമുള്ള ഫീസാണ് നിലവിൽ ഈടാക്കി വരുന്നത്. കുറഞ്ഞ ഫിറ്റ്നസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്ന 17.01.2026 മുതൽ സോഫ്റ്റ് വെയറിൽ പുതിയ മോഡ്യൂൾ ഉൾപ്പെടുത്താൻ വേണ്ടി വന്ന 22. 01.2026 വരെയുള്ള കാലയളവിൽ കൂടിയ ഫീസ് നൽകേണ്ടി വന്നവർ, അപേക്ഷ സമർപ്പിക്കുന്ന പക്ഷം റീഫണ്ട് അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ